**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2637 21/06/2012-ലെ മറുപടിക്ക്

**<u>സംസ്കൃത സർവ്വകലാശാല തുറവൂർ സബ് സെന്റർ</u>**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. എം. ആരിഫ് | ശ്രീ. പി.കെ. അബ്ദുറബ്ബ്, ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി. |
| എ) സംസ്കൃത സർവ്വകലാശാല തുറവൂർ സബ്സെന്ററിന് നിർമ്മിച്ച് നൽകാമെന്ന് സമ്മതിച്ചിട്ടുള്ള കെട്ടിടത്തിന് കുത്തിയതോട് പഞ്ചായത്തിൽ ഭൂമി ഏറ്റെടുത്ത് നൽകുന്നതിനുവേണ്ടി അരൂർ എം.എൽ.എ. സമർപ്പിച്ച അപേക്ഷയിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;<br>ബി) പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ? | എ) & ബി)<br>ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ സബ്സെന്റർ അരൂരിൽ സ്ഥാപിക്കുന്നത് സംബന്ധിച്ച് ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 04/10/2011-ൽ ബന്ധപ്പെട്ടവരുമായി ഇക്കാര്യം ചർച്ച ചെയ്തു. പ്രസ്തുത സബ്സെന്റർ സ്ഥാപിക്കുന്നതിലേയ്ക്കായി ശാന്തിഗിരി ആശ്രമം വക 1.8 ഏക്കർ സ്ഥലം സൗജന്യമായി നൽകുന്നത് സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ കഴിവതും വേഗം ലഭ്യമാക്കാമെന്ന് ആശ്രമത്തിന്റെ ഭാരവാഹികൾ അറിയിക്കുകയുണ്ടായി. ആശ്രമത്തിന്റെ ഭാരവാഹികൾ ഇതുവരേയും നിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**